**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** — **12-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്കൂൾ കലോത്സവം ഗിന്നസ് ബുക്കിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിവാദങ്ങൾക്കോ തർക്കങ്ങൾക്കോ ഇട നൽകാതെ സംസ്ഥാന സ്കൂൾ കലോത്സവം സംഘാടക മികവിന്റെ മാതൃകയാക്കി തീർക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സ്കൂൾ കലോത്സവം മിക<br>രീതിയിൽ സംഘടിപ്പിക്കുന്നതിനുള<br>ഒരുക്കങ്ങൾ 2024 ഒക്ടോബർ മാസം മുതര<br>തന്നെ ആരംഭിച്ചിരുന്നു. 12/11/2024<br>തിരുവനന്തപുരം ശിക്ഷക് സദനിൽ നടന<br>സ്വാഗതസംഘം രൂപീകരണ<br>യോഗത്തോടെയാണ് കലോത്സവത്തിന<br>പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത<br>പൊതുവിദ്യാഭ്യാസവും തൊഴിലും വകു<br>മന്ത്രിയുടെ നേതൃത്വത്തിൽ ചേർന<br>യോഗത്തിൽ മന്ത്രിമാർ, ബഹു. തിരുവനന്തപുര<br>കോർപ്പറേഷൻ മേയർ, ജില്ലയില<br>എം.എൽ.എ. മാർ, ബഹു. ജില്ലാ പഞ്ചായത<br>പ്രസിഡന്റ്, ഡെപ്യൂട്ടി മേയർ, ജില്ല<br>പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജില്ല<br>കളക്ടർ, ജില്ലാ പോലീസ് മേധാവി, വിവിധ<br>വകുപ്പുകളിലെ ഉദ്യോഗസ്ഥ<br>കലാസാംസ്കാരിക രംഗത്തെ പ്രമുഖർ, ട്രേഡ<br>യൂണിയൻ പ്രതിനിധികൾ, വിദ്യാർത്ഥ<br>സംഘടന പ്രതിനിധികൾ, യുവജന സംഘട<br>പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുകയു<br>ഇവരുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്<br>പ്രസ്തുത യോഗത്തിൽ വച്ച് കലോത്സ<br>നടത്തിപ്പിനായി ജനപ്രതിനിധിക<br>ചെയർമാൻമാരായും അദ്ധ്യാപക സംഘടന<br>പ്രതിനിധികൾ കൺവീനർമാരായും 19 സ<br>കമ്മിറ്റികൾ രൂപീകരിച്ചു. പൊതുവിദ്യാഭ്യാസവു<br>തൊഴിലും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തില<br>പൊതുവിദ്യാഭ്യാസ ഡയറക്ടറു<br>നേതൃത്വത്തിലും നിരവധി തവണ അവലോക<br>യോഗങ്ങൾ വിളിച്ചുചേർക്കുകയും കമ്മിറ്റിയു<br>പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിര |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുകയും ചെയ്തു. കലോത്സവ വൻവിജയമാക്കുന്നതിന് സർക്കാരിത ഏജൻസികളുടെയും വിവിധ വകുപ്പുകളുടെ വ്യക്തികളുടെയും, സംഘടനകളുടെ സ്വകാര്യ സ്ഥാപനങ്ങളുടെയും നിസ്സീമമാ സഹായങ്ങളും സഹകരണ പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിരുന്നു. |
| (ബി) | സംസ്ഥാന സ്കൂൾ കലോത്സവത്തെ ഏഷ്യയിലെ ഏറ്റവും വലിയ കലാമേള എന്ന നിലയിൽ ഗിന്നസ് ബുക്കിൽ വരുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാന സ്കൂൾ കലോത്സവത്തെ ഗിന്നസ് ബുക്കിൽ വരുത്തുന്നത് സംബന്ധിച്ച നടപടികൾ എടുത്തിട്ടില്ല. |
| (സി) | കലോത്സവത്തെ വരുംകാലങ്ങളിൽ കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശ വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുന്നതിനും എന്തെല്ലാം പരിഷ്കാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | നിലവിൽ അത്തരത്തിലുള്ള നടപടികളൊന്നും എടുത്തിട്ടില്ല. എന്നിരുന്നാലും ഭാവിയിൽ ടൂറിസം വകുപ്പുമായി ചേർന്ന് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശവിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) | കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനും കലോത്സവത്തിന് പൊതു കലണ്ടർ കൊണ്ടുവരുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | 2024-25 വർഷത്തിൽ കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷം കലോത്സവം നടന്നിട്ടുള്ളത്. കലോത്സവത്തിനായി പൊതുകലണ്ടർ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ